## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4097 26.06.2013-ൽ മറുപടിക്ക്**

**കണ്ടല്ലൂർ ദേവികുളങ്ങര ഗ്രാമപഞ്ചായത്തിലെ കുടിവെള്ള ക്ഷാമം**

| ചോദ്യം<br>ശ്രീ.സി.കെ. സദാശിവൻ | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| കായംകുളം അസംബ്ലി മണ്ഡലത്തിലെ കണ്ടല്ലൂർ ദേവികുളങ്ങര ഗ്രാമ പഞ്ചായത്തിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഈ പ്രദേശങ്ങളിലുണ്ടാകുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കാൻ പ്രത്യേക പദ്ധതി തയ്യാറാക്കുമോ ? | ഉണ്ട്. ജില്ലാ കളക്ടറുടെ വരൾച്ചാ - ദുരിതാശ്വാസ പദ്ധതി 2013 ൽ ഉൾപ്പെടുത്തി ഒന്നാം ഘട്ടത്തിൽ അംഗീകാരം ലഭിച്ച ദേവികുളങ്ങര ഗ്രാമ പഞ്ചായത്തിലെ നിലവിലെ പഴയ പൈപ്പ് ലൈൻ മാറ്റി പുതിയ ലൈൻ സ്ഥാപിക്കുന്ന ജോലി, പൈപ്പ് ലൈൻ നീട്ടി വള്ളിയിൽ കോളനിയിൽ ജലം എത്തിക്കുന്ന ജോലി ഇവ പൂർത്തിയായി. കായംകുളം മുനിസിപ്പാലിറ്റി ദേവികുളങ്ങര പഞ്ചായത്ത് എന്നിവിടങ്ങളിലെ നിലവിലുള്ള പൈപ്പ് ലൈനിലെ അറ്റകുറ്റപണികൾ നടത്തുന്ന പ്രവൃത്തി പുരോഗമിച്ചു വരുന്നു. ദേവികുളങ്ങര വാർഡ് 2,10 എന്നിവിടങ്ങളിൽ കുഴൽകിണർ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.<br>എം.എൽ.എ. യുടെ പ്രാദേശിക വികസന ഫണ്ടിൽ പെടുത്തി കായകുളം ഡമ്പിംഗ് യാർഡ്, എരുവ എന്നിവിടങ്ങളിൽ പൈപ്പ് ലൈൻ |

സ്ഥാപിക്കുന്ന പ്രവൃത്തി ടെണ്ടർ ചെയ്ത് എഗ്രിമെന്റ് വച്ചിട്ടുണ്ട്. പൈപ്പ് ലഭിച്ചാൽ ഉടൻ പ്രവൃത്തികൾ ആരംഭി ക്കുന്നതാണ്. ഇന്റഗ്രേറ്റഡ് കോസ്റ്റൽ ഏരിയ ഡെവലപ്പ് മെന്റ് (ICAD) പ്രോജക്ടിൽ പ്പെടുത്തി കണ്ടല്ലൂർ പ്രദേശത്ത് കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ